**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1218** **07-10-2021 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മാളിയേക്കൽ റെയിൽവേ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മാളിയേക്കൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ; | (എ) | കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മാളിയേക്കൽ റെയിൽവേ മേൽപ്പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി G.O.(Rt) No.1324/2016/PWD dated 27.04.2016 പ്രകാരം ആർ.ബി.ഡി.സി.കെ. യെ SPV ആയി നിയമിച്ചിട്ടുള്ളതാണ്. പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ 21.08.2020 ന് പൂർത്തിയാക്കി, പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി 04.01.2021 ന് ഇ.പി.സി. വ്യവസ്ഥയിൽ കരാർ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 23.01.2021 ന് ബഹു. മുഖ്യമന്ത്രി നിർവഹിച്ചു. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആയ സർവ്വേ, ഡിസൈനിന് ആവശ്യമായ മണ്ണ് പരിശോധന, ടെസ്റ്റ് പൈൽ എന്നിവ പൂർത്തിയാക്കി, പൈലിംഗ് ജോലികൾ 21.09.2021 ന് ആരംഭിച്ചിട്ടുണ്ട്. കൂടാതെ റെയിൽവെ മന്ത്രാലയത്തിൻെറ അനുമതിക്കായി 20/02/2020 മുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | റെയിൽവെ മന്ത്രാലയത്തിൻെറ അനുമതിക്കു വിധേയമായി 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ